## Important announcement regarding Revaluation, SAY and Grace marks of SSLC Examination - 2012

2012 മാർച്ചിൽ നടത്തിയ എസ്.എസ്.എൽ.സി പരീക്ഷയുടെ ഉത്തര ക്കടലാസ്സുകളുടെ പുനഃമൂല്യനിർണയത്തിന് അപേക്ഷ നൽകേണ്ട അവസാന തീയതി മെയ് നാല് ഉച്ചയ്ക്ക് 1.00 മണി വരെയാണ്. എന്നാൽ ഗ്രേസ് മാർക്കിനർഹത നേടിയ ഏതാനും കുട്ടികളുടെ മാർക്കുകൾ ഇനിയും ചേർക്കാനുള്ളതിനാൽ ഉത്തരക്കടലാസ് പുനഃമൂല്യനിർണയമില്ലാതെ തന്നെ ഇവരുടെ ഗ്രേഡ് മാറാൻ സാധ്യതയുണ്ട്. ഇപ്രകാരം ഗ്രേസ് മാർക്കനുവദിച്ചുകൊണ്ട് മെയ് 3-ാം തീയതി വരെ പരീക്ഷാഭവനിൽ ലഭിക്കുന്ന ഉത്തരവുകൾ കൂടി പരിഗണിച്ചുള്ള പരീക്ഷാഫലം മെയ് 10-ാം തീയതി www.keralapareekshabhavan.in എന്ന പരീക്ഷാഭവന്റെ വെബ്സൈറ്റിൽ ലഭ്യമാക്കുന്നതാണ്.

പുനഃമൂല്യനിർണയത്തിനപേക്ഷിക്കുകയും എന്നാൽ 10/05/2012 ന് ലഭിക്കുന്ന റിസൽട്ട് പ്രകാരം ഗ്രേഡിൽ മാറ്റം വന്നതിനാൽ പുനഃമൂല്യനിർണ്ണയം ആവശ്യമില്ലെന്ന് തീരുമാനിക്കുകയും ചെയ്യുന്ന പരീക്ഷാർത്ഥികൾക്ക്, ഉത്തരക്കടലാസ് പുനഃമൂല്യ നിർണയത്തിനായി നൽകിയ അപേക്ഷയും, ഫീസും ബന്ധപ്പെട്ട ഹെഡ്മാസ്റ്ററിൽ നിന്നും 11/05/2012 3 മണിക്ക് മുമ്പ് മടക്കി വാങ്ങാവുന്നതാണ്. അപേക്ഷ മടക്കി വാങ്ങുന്നവരുടെ വിവരം ഹെഡ്മാസ്റ്റർമാർ അന്ന് 4 മണിക്കു മുമ്പായി ബന്ധപ്പെട്ട DEO യിൽ അറിയിക്കുകയും DEO മാർ അന്നേ ദിവസം വൈകുന്നേരം 5 മണിക്കു മുമ്പ് തന്നെ ഇവരുടെ വിവരം പരീക്ഷാഭവനിലേയ്ക്ക് ഇ-മെയിൽ ചെയ്യേണ്ടതുമാണ്.

അതുപോലെ 10/05/2012 ന് പ്രസിദ്ധീകരിക്കുന്ന റിസൽട്ട് പ്രകാരം ഉപരി പഠനത്തിനർഹത നേടാത്ത വിഷയങ്ങൾ രണ്ടോ അതിൽ കുറവോ ആയി മാറുന്ന വിദ്യാർത്ഥികൾക്ക് 11/05/2012 ന് 4 മണിക്ക് മുമ്പ് 'സേ' പരീക്ഷ എഴുതുന്നതിനായി നേരിട്ട് 'സേ' പരീക്ഷാസെന്ററിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. ചീഫ് സൂപ്രണ്ട് ഇവരുടെ വിവരങ്ങൾ അന്ന് 5 മണിക്ക് മുമ്പ് പരീക്ഷാഭവനിലേയ്ക്ക് ഇ-മെയിൽ ചെയ്യേണ്ടതുമാണ്.

കൂടാതെ 'സേ' പരീക്ഷയ്ക്ക് അപേക്ഷിക്കുകയും എന്നാൽ 10/05/2012 ന് ലഭിക്കുന്ന റിസൽട്ട് പ്രകാരം എല്ലാ വിഷയങ്ങൾക്കും ഉപരിപഠനത്തിനർഹത നേടുകയും ചെയ്യുന്ന പരീക്ഷാർത്ഥികൾ ഇക്കാര്യം 'സേ' പരീക്ഷാ സെന്ററിലെ ചീഫ് സൂപ്രണ്ടിനെ ബോധ്യപ്പെടുത്തി 11.05.2012 ന് പരീക്ഷയ്ക്കായി അടച്ച തുക തിരികെ വാങ്ങാവുന്നതുമാണ്.

ഒപ്പ്/-
**പരീക്ഷാസെക്രട്ടറി**

തിരുവനന്തപുരം,
02/05/2012.